**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3571** **12-03-2025 - ൽ മറുപടിയ്ക്ക്**

**ആസാദ് സേനയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | നാഷണൽ സർവീസ് സ്കീമിന്റെ ഭാഗമായി കോളേജ്, ടെക്നിക്കൽ സെൽ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, എൻ.എസ്.എസ്. യൂണിറ്റുകളെ സംയോജിപ്പിച്ച് നടത്തിയ പദ്ധതിയായ ആസാദ് സേനയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കലാലയങ്ങളിലും എൻ.എസ്.എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ കർമ്മ സേനയായ ആസാദ് സേന രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനും എൻ.എസ്.എസ്, എൻ.സി.സി അദ്ധ്യാപക പ്രതിനിധികൾ ജില്ലാതല പരിശീലന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട സ്കൂൾ/ കോളേജ് അധികാരികൾക്ക് സർക്കാർ നിർദ്ദേശം നല്കിയിരുന്നു. സംസ്ഥാനത്തിലെ മൂവായിരത്തി അഞ്ഞൂറ് എൻ.എസ്.എസ് യൂണിറ്റുകളിൽ ആസാദ്സേനയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എൻ.എസ്.എസ് വോളന്റിയേഴ്സിനെ ആസാദ്സേനയുടെ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തികൊണ്ട് ക്യാമ്പസുകളിലും ദത്തുഗ്രാമങ്ങളിലും ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ലഹരി ഉപയോഗ സാധ്യത പൂർണ്ണമായി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ അസാദ് സേനാ അംഗങ്ങൾ ബോധവൽക്കരണ ക്യാമ്പയിനുകൾ നടത്തി വരുന്നു. കൂടാതെ ക്യാമ്പസ്-കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. എല്ലാ ജില്ലാകേന്ദ്രങ്ങളിലും വാക്കത്തോണും റാലികളും സംഘടിപ്പിക്കുകയും സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ അധ്യാപകർക്കും വോളന്റിയേഴ്സിനും പരിശീലനം നല്കുകയും ചെയ്യുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ്, എക്സൈസ്, പോലീസ്, നിയമവിദഗ്ദർ എന്നിവരുടെ സഹായത്തോടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ആസാദ് സേനയുടെ ഭാഗമായി അടുത്ത അക്കാദമിക വർഷം എന്തെല്ലാം പ്രവർത്തന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | അടുത്ത അക്കാദമിക് വർഷത്തിൽ കൂടുതൽ കാര്യക്ഷമമായി ആസാദ്സേനയുടെ പ്രവർത്തനങ്ങൾ നടത്താൻ എൻ.എസ്.എസ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ക്യാമ്പസുകളെ പൂർണ്ണമായും ലഹരിമുക്തമാക്കുക, എൻ.എസ്.എസ് -ന്റെ പങ്കാളിത്ത ഗ്രാമങ്ങളെ 100 ശതമാനം ലഹരിമുക്ത ബോധവൽക്കരണ ഗ്രാമമായി പ്രഖ്യാപിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ. ഈ ലക്ഷ്യം നേടുന്നതിനു വേണ്ടി സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ എൻ.എസ്.എസ് സംസ്ഥാനതലത്തിൽ വിദഗ്ദരെ കണ്ടെത്തി പ്രത്യേക പരിശീലനപരിപാടി ആരംഭിച്ചിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ ജില്ലാ തലത്തിലും യൂണിറ്റ് തലത്തിലും പരിശീലനം നടത്തുന്നതുമാണ്. സ്കൂളുകളിലും കോളേജുകളിലും ലഹരിമുക്ത പ്രവർത്തനങ്ങൾക്ക് എൻ.എസ്.എസ് പ്രത്യേക കൈപുസ്തകം തയ്യാറാക്കി നൽകും. കൂടാതെ പോലീസ്, എക്സൈസ്, സാമൂഹ്യനീതി വകുപ്പുകളുടെ സഹായത്തോടെ സംസ്ഥാന ജില്ലാ തലങ്ങളിൽ ആസാദ്സേന പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും സഹായിക്കാനും പ്രത്യേക സമിതികൾ രൂപീകരിക്കുന്നതുമാണ്. |
| (സി) | ലഹരി നിർമ്മാർജ്ജനം അത്യന്താപേക്ഷിതമായി കണ്ടുകൊണ്ട് നാഷണൽ സർവീസ് സ്കീമിന്റെ പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന്; വിശദമാക്കാമോ? | (സി) | എൻ.എസ്.എസ് ന്റെ 120 മണിക്കൂർ റഗുലർ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടും എൻ.എസ്.എസ് ന്റെ സ്പെഷ്യൽ ക്യാമ്പുകൾ നടത്തുന്നിടത്ത് ക്യാമ്പിന്റെ പ്രത്യേക തീം ആയും പ്രധാനപ്പെട്ട പ്രോജക്ട് ആയും ഈ വിഷയത്തിന് പ്രാധാന്യം നൽകികൊണ്ട് ക്യാമ്പസുകളെ ലഹരി മുക്ത ക്യാമ്പസുകളായും ഗ്രാമങ്ങളെ ലഹരി മുക്ത ഗ്രാമങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും. ലഹരി ഉപയോഗ പ്രദേശങ്ങളിലോ അല്ലെങ്കിൽ അതിനു സാധ്യതയുള്ള പ്രദേശങ്ങളിലോ 7 ദിവസത്തെ എൻ.എസ്.എസ് ക്യാമ്പുകൾ നടത്തും. അതോടൊപ്പം തീരദേശ മേഖലകളിലും ട്രൈബൽ പ്രദേശങ്ങളിലും എൻ.എസ്.എസ് ന്റെ പ്രത്യേക കമ്മ്യൂണിറ്റി ഇന്ററാക്ഷനുകളും അവിടെ തുടങ്ങി വച്ച പ്രവർത്തനങ്ങളായ ക്യാമ്പസ് കമ്മ്യൂണിറ്റി സൗഹൃദ കൂട്ടായ്മകൾ വഴിയും കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ എൻ.എസ്.എസ് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ